# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2914** **19.06.2014 ൽ മറുപടിക്ക്**

## ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>,, അൻവർ സാദത്ത്<br>,, എ. റ്റി. ജോർജ്<br>,, വി. പി. സജീന്ദ്രൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന് പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | ബി) യാത്രക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ് ലറ്റ് സൗകര്യങ്ങളോടു കൂടിയ വഴിയോര സൗകര്യങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രഥമമായ ഉദ്ദേശ്യലക്ഷ്യം. |
| സി) നഗരങ്ങൾ, ടൗൺ സെന്ററുകൾ, പാതയോരങ്ങൾ എന്നിവിടങ്ങളിൽ അമിനിറ്റീസ് സെന്ററുകൾ പ്രവർത്തിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) & ഡി) ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററിൽ പുരുഷൻമാർക്കും സ്ത്രീകൾക്കും വിഭിന്ന കഴിവുള്ളവർക്കും പ്രത്യേക പ്രത്യേകമായി ടോയ് ലറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണ ശാല മെമന്റോഷോപ്പ് വിശ്രമ സൗകര്യം ബാങ്ക് എ.റ്റി.എം, ലോക്കർ, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർ ഫീയോട് കൂടി |

| | |
|---|---|
| | പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ